(സി) ഇല്ലെങ്കിൽ ഇതിന് ഉത്തരവാദി ആരായിരുന്നുവെന്ന് വ്യക്തമാക്കാമോ ;

(ഡി) ഈ പദ്ധതി ശരിയായ രീതിയിൽ നടപ്പാക്കാഞ്ഞതിനാൽ അടുത്ത ഘട്ടത്തിലേയ്ക്ക് കേരളത്തെ പരിഗണിച്ചില്ലെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ?

ഉത്തരം

(എ) കഴിഞ്ഞ വർഷം (2013-14) കേന്ദ്ര സർക്കാർ ജലമണി പദ്ധതിക്കായി തുകയൊന്നും അനുവദിച്ചിട്ടില്ല.

(ബി) അറിയിച്ചിരുന്നു.

(സി) ബാധകമല്ല.

(ഡി) ഇല്ല.

എടത്തറ യു.പി.എസ്. അപ്ഗ്രഡേഷൻ

30 (1066) ശ്രീ. കെ. വി. വിജയദാസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കോങ്ങാട് മണ്ഡലത്തിലെ എടത്തറ യു.പി.എസ്. അപ്ഗ്രേഡ് ചെയ്യുന്നതിനുള്ള പ്രൊപ്പോസൽ ഈ വർഷം പരിഗണിക്കുമോ ; ഇല്ലെങ്കിൽ എന്തുകൊണ്ട് ?

(ബി) അപ്ഗ്രഡേഷൻ നടക്കാത്തതു മൂലം തുടർ പഠനത്തിനായി ഈ സ്കൂളിലെ കുട്ടികൾ വിവിധ സ്കൂളുകളിലേക്ക് പോകുന്നതിന് ഏറെ ദൂരം സഞ്ചരിക്കേണ്ടി വരുന്നതിനാൽ ഈ വർഷം തന്നെ സ്കൂളിന് അപ്ഗ്രഡേഷൻ നൽകുമോ ?

ഉത്തരം

(എ&ബി) നടപടി സ്വീകരിച്ചുവരുന്നു.

എയ്ഡഡ് സ്കൂളുകളിലെ അധ്യാപക നിയമനം

31 (1067) ശ്രീ. പി. ശ്രീരാമകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) എയ്ഡഡ് സ്കൂളുകളിലെ അദ്ധ്യാപക നിയമനത്തിൽ ഏത് തീയതി വരെയുള്ള അപേക്ഷകൾക്ക് അംഗീകാരം നൽകിയിട്ടുണ്ടെന്ന് ജില്ലതിരിച്ച് വിശദമാക്കാമോ ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) എയ്ഡഡ് സ്കൂളുകളിൽ അധികമുള്ള അദ്ധ്യാപകരെ സർക്കാർ സ്കൂളിലോ ബി.ആർ.സി./യു.ആർ.സി./മറ്റ് കേന്ദ്രങ്ങൾ എന്നിവയിൽ നിയമിച്ചിട്ടുണ്ടോ ; എങ്കിൽ അവരുടെ നിയമനം എത്ര കാലത്തേക്കാണെന്ന് വിശദമാക്കുമോ ;

(സി) പ്രസ്തുത കാലാവധിക്കുശേഷം അവരെ എവിടെ നിയമിക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) വിവരം ശേഖരിച്ചുവരുന്നു.

(ബി&സി) പാക്കേജ് ഉത്തരവ് പ്രകാരം 2010-11-ലെ തസ്തിക നിർണ്ണയത്തെ അടിസ്ഥാനമാക്കി അധികം വന്ന റിടഞ്ച്ഡ് അദ്ധ്യാപകരെ ബി.ആർ.സി./ സി.ആർ.സി തുടങ്ങിയവയിൽ നിയമിച്ചിട്ടുണ്ട്. 2014-15-ൽ തസ്തിക നിർണ്ണയം നടത്തി അധികം വരുന്ന അദ്ധ്യാപകരെ പുനർവിന്യസിക്കുന്നതിന് 23-12-2014 സ.ഉ.278/14/പൊ.വി.വ. പ്രകാരം ഉത്തരവായിരുന്നുവെങ്കിലും 15-1-2015-ലെ WP(c) 30107/13 നമ്പർ കേസ് ലെ ഹൈക്കോടതി വിധിയിലൂടെ അദ്ധ്യാപക പാക്കേജും ഇതു സംബന്ധിച്ച് പുറപ്പെടുവിച്ചിട്ടുള്ള എല്ലാ സർക്കാർ ഉത്തരവുകളും ബഹുമാനപ്പെട്ട ഹൈക്കോടതി റദ്ദ് ചെയ്തിരിക്കുകയാണ്. അതിനാൽ ഇവരുടെ കാലാവധിയും വിന്യാസവും ബഹുമാനപ്പെട്ട ഹൈക്കോടതി വിധിയുടെ അടിസ്ഥാനത്തിൽ ഇപ്പോൾ നിശ്ചയിക്കുവാൻ കഴിയാത്ത സാഹചര്യമാണുള്ളത്.

മാട്ടൂൽ ഗവൺമെന്റ് ഹയർ സെക്കണ്ടറി സ്കൂൾ

32 (1068) ശ്രീ. ടി. വി. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കണ്ണൂർ ജില്ലയിലെ മാട്ടൂൽ ഗവ. ഹയർ സെക്കണ്ടറി സ്കൂളിൽ എത്ര വിദ്യാർത്ഥികൾ പഠിക്കുന്നുണ്ട് ; വിശദാംശം നല്കുമോ ;

(ബി) പ്രസ്തുത സ്കൂളിൽ ഹൈസ്കൂൾ, ഹയർ സെക്കണ്ടറി വിഭാഗങ്ങളിലായി എത്ര അദ്ധ്യാപക-അനദ്ധ്യാപക തസ്തികകളാണ് നിലവിലുള്ളത് ;

(സി) ഇവയിൽ എത്ര തസ്തികകൾ ഒഴിഞ്ഞുകിടക്കുന്നുണ്ട് ; പ്രസ്തുത ഒഴിവുകൾ നികത്താൻ അടിയന്തര നടപടി സ്വീകരിക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly